ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

1121

# സൂറ – 38 / സ്വാദ്

## സൂക്തം: 39 – 43

ദൃഢവിശ്വാസികളായ നിഷ്‌കളങ്ക ഭക്തരാവട്ടെ ഏതു മഹാദുരിതാവസ്ഥയിലും തങ്ങളുടെ ദുരിതമകറ്റിത്തരേണമേ എന്ന് അല്ലാഹുവിനോട് താഴ്മയായി പ്രാര്‍ഥിക്കുകയേയുള്ളൂ. അവരൊരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തില്‍ നിരാശരാവില്ല. അവന്റെ നടപടികളോട് പ്രതിഷേധിക്കുകയുമില്ല, അവനെ ചോദ്യം ചെയ്യുകയുമില്ല. ഈ ആത്മസംസ്‌കൃതിയുടെ നിസ്തുലമായ ഉദാഹരണമാകുന്നു അയ്യൂബ് (അ).

هَٰذَا عَطَآؤُنَا فَٱمْنُنْ أَوْ أَمْسِكْ بِغَيْرِ حِسَابٍ ﴿٣٩﴾

39. ഇത് നമ്മുടെ വകയായുള്ള വിശിഷ്ട സമ്മാനമാകുന്നു. നിനക്ക് ഇഷ്ടമുള്ളവരെ ഔദാര്യത്തോടെ വിട്ടയച്ചുകൊള്ളുക. ഇഷ്ടമുള്ളവരെ തടഞ്ഞു നിര്‍ത്തുകയും ചെയ്യാം; യാതൊരു ചോദ്യവുമില്ലാതെ.

**39**

هَٰذَا عَطَآؤُنَا = ഇത് നമ്മുടെ വകയായുള്ള വിശിഷ്ട സമ്മാനമാകുന്നു

فَٱمْنُنْ = നീ ഔദാര്യം ചെയ്യുക (നിനക്കിഷ്ടമുള്ളവരെ ഔദാര്യത്തോടെ വിട്ടയച്ചുകൊള്ളുക)

أَوْ أَمْسِكْ = അല്ലെങ്കില്‍ പിടിച്ചുനിര്‍ത്തുക (ഇഷ്ടമുള്ളവരെ തടഞ്ഞു നിര്‍ത്തുകയും ചെയ്യാം)

بِغَيْرِ حِسَابٍ = (യാതൊരു) ചോദ്യവും ഇല്ലാതെ, കണക്കില്ലാതെ

സമ്മാനമായി നല്‍കപ്പെടുന്നതിനാണ് عطاء എന്നു പറയുക. അതിനെ അല്ലാഹുവിലേക്ക് ചേര്‍ത്തുകൊണ്ട് عَطَاؤُنَا – നമ്മുടെ സമ്മാനം- എന്നു പറയുമ്പോള്‍ വിശിഷ്ടമായ സമ്മാനം, അമൂല്യമുള്ള സമ്മാനം എന്നര്‍ഥമാകുന്നു. مِنَّة (ഔദാര്യം, സൗജന്യം), ല്‍നിന്നുള്ള ശാസന ക്രിയയാണ് أُمْنُنْ. കണക്കില്ലാത്തത് എന്നും ചോദ്യം ചെയ്യപ്പെടാത്തത് എന്നും بِغَيْرِ حِسَاب-ന് അര്‍ഥമുണ്ട്. ഈ സന്ദര്‍ഭത്തില്‍ രണ്ടര്‍ഥത്തിലും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സുലൈമാന്‍ നബിക്ക് സമ്മാനം നല്‍കിയ ശേഷം അല്ലാഹു ആ സമ്മാനത്തിന്റെ മഹത്വം ഓര്‍മിപ്പിക്കുകയാണ്. ജിന്നുകളെ കീഴ്‌പ്പെടുത്തിത്തന്നതിലൂടെ നാം നിനക്ക് വിലമതിക്കാനാവാത്ത സമ്മാനം നല്‍കിയിരിക്കുകയാണ്. നിനക്കിഷ്ടമുള്ളവരെ ഔദാര്യത്തോടെ വിട്ടയക്കാം, ഇഷ്ടമുള്ളവരെ നിന്റെ സേവനത്തിലേര്‍പ്പെടുത്തി പിടിച്ചുനിര്‍ത്തുകയും ചെയ്യാം. വിട്ടയക്കേണ്ടവരെ വിട്ടയച്ചാല്‍ അതിന്റെ പുണ്യം ലഭിക്കും. അന്യായമായി കീഴടക്കി നിര്‍ത്തിയാല്‍, ഈ സമ്മാനദാതാവായ അല്ലാഹുവിങ്കല്‍ വെച്ച് അതിന്റെ അനന്തര ഫലം അനുഭവിക്കേണ്ടി വരും. بِغَيْرِ حِسَاب -ന് യാതൊരു ചോദ്യവുമില്ലാതെ എന്ന് അര്‍ഥം നല്‍കുന്നവരുടെ വീക്ഷണത്തില്‍ സാരമിതാണ്: ഇത് അല്ലാഹു നിനക്കു നല്‍കുന്ന മഹത്തായ സമ്മാനമാകുന്നു. ഈ ജിന്നുകളില്‍ നിനക്ക് ഇഷ്ടമുള്ളവരെ ഉദാരമായി സ്വതന്ത്രരാക്കാം. ഇഷ്ടമുള്ളവരെ നിന്റെ സേവനത്തിനായി പിടിച്ചുനിര്‍ത്തുകയും

يَا دَاوُودُ إِنَّا جَعَلْنَاكَ خَلِيفَةً فِي الْأَرْضِ فَاحْكُم بَيْنَ النَّاسِ بِالْحَقِّ وَلَا تَتَّبِعِ الْهَوَىٰ فَيُضِلَّكَ عَن سَبِيلِ اللَّهِ ۚ إِنَّ الَّذِينَ يَضِلُّونَ عَن سَبِيلِ اللَّهِ لَهُمْ عَذَابٌ شَدِيدٌ بِمَا نَسُوا يَوْمَ الْحِسَابِ ﴿٢٦﴾

(അല്ലയോ ദാവൂദ്, നാം നിന്നെ ഭൂമിയിൽ പ്രതിനിധിയായി നിശ്ചയിച്ചിരിക്കുകയാണ്. ആകയാൽ നീ ജനങ്ങൾക്കിടയിൽ നീതി വിധിക്കേണം. ജഢികേഛകളെ പിന്തുടർന്നുകൂടാ. അതു നിന്നെ ദൈവസരണിയിൽനിന്ന് വ്യതിചലിപ്പിക്കും. ദൈവസരണിയിൽ നിന്നു വ്യതിചലിക്കുന്നവരോ, വിചാരണാദിനം മറന്നുപോയതിനാൽ അവർക്കുള്ളത് കൊടിയ നരകപീഡനമാകുന്നു -38:26). ●

ചെയ്യാം. ഈ രണ്ടു കാര്യങ്ങളിലേതു ചെയ്താലും നീ ആരാലും ചോദ്യം ചെയ്യപ്പെടുന്നതല്ല. ഈ വ്യാഖ്യാനം സ്വീകരിക്കുമ്പോൾ ചോദ്യം ചെയ്യപ്പെടുന്നതല്ല എന്നു പറഞ്ഞത് തന്റെ കീഴിലായ ജിന്നുകളെ സേവനത്തിൽ നിന്നൊഴിവാക്കുകയും സേവനത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിൽ മാത്രമാണ് എന്നുവേണം കരുതാൻ. നൈതിക പ്രശ്നങ്ങളിൽ അല്ലാഹു ആരെയും വിചാരണയിൽനിന്നൊഴിവാക്കുകയില്ല. നേരത്തേ 26-ാം സൂക്തത്തിൽ സുലൈമാൻ നബിയുടെ പിതാവ് ദാവൂദ് നബിയെ അല്ലാഹു ഉദ്ബോധിപ്പിച്ചത് ഇവിടെ അനുസ്മരണീയമാകുന്നു:

---

وَإِنَّ لَهُۥ عِندَنَا لَزُلْفَىٰ وَحُسْنَ مَـَٔابٍ ﴿٤٠﴾

40. നമ്മുടെ സന്നിധിയിൽ അദ്ദേഹത്തിന് ഉറ്റ സാമീപ്യമുണ്ട്. വിശിഷ്ടമായ അന്തിമ സങ്കേതവുമുണ്ട്.

**40**

وَإِنَّ لَهُ عِندَنَا = തീർച്ചയായും അദ്ദേഹത്തിന് നമ്മുടെ സന്നിധിയിൽ ഉണ്ട്

لَزُلْفَىٰ = (ഉറ്റ) സാമീപ്യ (വും) وَحُسْنَ مَآبٍ = വിശിഷ്ടമായ മടക്ക സ്ഥാന (അന്തിമ സങ്കേത)വും

ഈ വചനം നേരത്തേ 25-ാം സൂക്തത്തിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. ഇവിടെ താത്പര്യമിതാണ്: സുലൈമാൻ (അ) അഹന്തയിലും ധിക്കാരത്തിലും അകപ്പെടാതെ ഏതു കാര്യത്തിലും അല്ലാഹുവിന്റെ അഭീഷ്ടം തെരഞ്ഞെടുക്കുന്ന നിഷ്കളങ്ക ഭക്തൻ ആയതിനാൽ അല്ലാഹുവിങ്കൽ അദ്ദേഹത്തിന് ഉറ്റ സാമീപ്യവും അതിവിശിഷ്ട സ്വർഗമാകുന്ന അന്തിമ സങ്കേതവുമുണ്ട്. ●

---

وَٱذْكُرْ عَبْدَنَآ أَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلشَّيْطَـٰنُ بِنُصْبٍ وَعَذَابٍ ﴿٤١﴾

41. നമ്മുടെ ഇഷ്ടദാസൻ അയ്യൂബിനെയും ഓർക്കുക. അദ്ദേഹം തന്റെ നാഥനെ വിളിച്ച് ആവലാതിപ്പെട്ടത്: ക്ലേശവും പീഡയും മൂലം എന്നെ ചെകുത്താൻ ബാധിച്ചുവല്ലോ.

**41**

وَاذْكُرْ عَبْدَنَا أَيُّوبَ = നമ്മുടെ (ഇഷ്ട) ദാസൻ അയ്യൂബിനെയും നീ ഓർക്കുക

إِذْ نَادَىٰ رَبَّهُ = അദ്ദേഹം തന്റെ നാഥനെ വിളിച്ച (ച്ച്) ആവലാതിപ്പെട്ട(ത്)

أَنِّي مَسَّنِيَ الشَّيْطَانُ = എന്തെന്നാൽ എന്നെ ചെകുത്താൻ തൊട്ടു(ബാധിച്ചുവല്ലോ)

بِنُصْبٍ = ക്ലേശം(വും) കൊണ്ട് وَعَذَابٍ = ശിക്ഷ, പീഡയും (മൂലം) കൊണ്ട്

ഇനി കൊടിയ പരീക്ഷണങ്ങൾ ക്ഷമയോടെ തരണം ചെയ്ത് വിജയശ്രീലാളിതനായ അയ്യൂബ് നബിയുടെ മാതൃക അനുസ്മരിക്കുകയാണ്. വിശുദ്ധ ഖുർആൻ ഇതിനു മുമ്പ് 4:163, 6:84, 21:83,84 സൂക്തങ്ങളിൽ ഈ പ്രവാചകനെ പരാമർശിച്ചിട്ടുണ്ട്. 21:83,84 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* അയ്യൂബ് നബിയുടെ ചരിത്രസംഗ്രഹം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ബൈബിൾ പഴയ നിയമത്തിൽ 'ഇയ്യോബ്' എന്ന പേരിൽ ഒരു കാണ്ഡം തന്നെയുണ്ട്. സങ്കീർണമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരുന്ന മുഹമ്മദ് നബിക്ക് സമാശ്വാസമരുളുന്ന ഒരു ചരിത്രാനുഭവം എന്ന നിലയിലാണ് ഇവിടെ ഇതവതരിപ്പിക്കുന്നത്. നേരത്തേ ചൂണ്ടിക്കാണിച്ച ദാവൂദ്-സുലൈമാൻ പ്രവാചകന്മാർ നേരിട്ടതിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു അയ്യൂബ് (അ) നേരിട്ട പരീക്ഷണങ്ങൾ. അവർ പരീക്ഷിക്കപ്പെടാൻ ചില കാരണങ്ങളുണ്ടായിരുന്നു. അയ്യൂബ് നബിയിൽനിന്നുണ്ടായ ഏതോ വീഴ്ചയുടെ ഫലമായിട്ടായിരുന്നു അദ്ദേഹം പരീക്ഷണത്തിലകപ്പെട്ടതെന്നതിന് സൂചനകളില്ല. ബൈബിൾ പറയുന്ന കാരണമാകട്ടെ, അദ്ദേഹത്തിന്റെ കുറ്റമല്ല താനും. സ്വന്തം നിലയിൽ തെറ്റുകുറ്റങ്ങളൊന്നും ചെയ്യാത്ത പുണ്യാത്മാക്കളെയും അല്ലാഹു ചിലപ്പോൾ കഠിനമായ പീഡാനുഭവങ്ങൾക്കു വിധേയരാക്കും എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് അയ്യൂബ് നബി. സുദൃഢമായ ഈമാനും കളങ്കമേശാത്ത ദൈവഭക്തിയും ഉള്ളവർക്കു മാത്രമേ അത് വിജയകരമായി തരണം ചെയ്യാനാവൂ. സാഹചര്യങ്ങളുടെ ആനുകൂല്യംകൊണ്ട് സന്മാർഗനിഷ്ഠരും ദൈവഭക്തരുമായി കഴിയുന്നവർ അത്തരം പരീക്ഷണങ്ങൾക്കു മുമ്പിൽ പതറിപ്പോകും. ഒരു കുറ്റവും ചെയ്യാത്ത

തങ്ങളെ പീഡിതരാക്കുന്ന അല്ലാഹുവിന്റെ കാരുണ്യത്തെ നിഷേധിക്കും. അവന്റെ നടപടികളെ ചോദ്യം ചെയ്യുകയും പ്രതിഷേധിക്കുകയും ചെയ്യും. ദൃഢവിശ്വാസികളായ നിഷ്കളങ്ക ഭക്തരാവട്ടെ ഏതു മഹാദുരിതാവസ്ഥയിലും തങ്ങളുടെ ദുരിതമകറ്റിത്തരേണമേ എന്ന് അല്ലാഹുവിനോട് താഴ്മയായി പ്രാർഥിക്കുകയേയുള്ളൂ. അവരൊരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാവില്ല. അവന്റെ നടപടികളോട് പ്രതിഷേധിക്കുകയുമില്ല, അവനെ ചോദ്യം ചെയ്യുകയുമില്ല. ഈ ആത്മസംസ്കൃതിയുടെ നിസ്തുലമായ ഉദാഹരണമാകുന്നു അയ്യൂബ് (അ).

അതിസമ്പന്നൻ, അരോഗദൃഢഗാത്രൻ, അതിസുന്ദരൻ, സ്നേഹമയിയായ തരുണിയുടെ ഭർത്താവ്, കൺമണികളായ മക്കൾക്കു പിതാവ്, എണ്ണമറ്റ പരിചാരകർക്കും പാർശ്വവർത്തികൾക്കും യജമാനൻ, ധർമിഷ്ഠൻ, വിശിഷ്ടമായ സ്വഭാവചര്യകൾക്കുടമ, സർവോപരി അല്ലാഹുവിന്റെ പ്രവാചകൻ. ഇതെല്ലാമായിരുന്നു അയ്യൂബ് (അ). കാലം കുറേ ചെന്നപ്പോൾ അദ്ദേഹത്തിന്റെ സൗഭാഗ്യങ്ങൾ ഓരോന്നായി നഷ്ടപ്പെട്ടു തുടങ്ങി. പരിചാരകരും പാർശ്വവർത്തികളും തിരോഭവിച്ചു. കാലികൾ കൊള്ളയടിക്കപ്പെട്ടു. കൃഷിഭൂമികൾ അന്യർ പിടിച്ചെടുത്തു. ഓരോന്നും നഷ്ടപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: അല്ലാഹു തന്നത് അവൻ തിരിച്ചെടുത്തു. തരാനെന്ന പോലെ തിരിച്ചെടുക്കാനും അവന്നധികാരമുണ്ടല്ലോ. അയ്യൂബ് നബി തികച്ചും നിസ്വനും നിസ്സഹായനുമായിത്തീർന്നു. ഈ ക്ലിഷ്ടാവസ്ഥയെയാണ് نصب എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. അപ്പോഴും അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിനും പ്രതീക്ഷക്കും ഒരുലച്ചിലും തട്ടിയില്ല.

സൗഭാഗ്യങ്ങളെല്ലാം അസ്തമിച്ചിട്ടും വിശ്വാസത്തിലും ഭക്തിയിലും അചഞ്ചലനായി നിലകൊണ്ടപ്പോൾ ദൗർഭാഗ്യങ്ങൾ അയ്യൂബ് നബിയുടെ ശരീരത്തിലേക്കിരച്ചുകയറി. അദ്ദേഹം ഗുരുതരമായ രോഗത്തിനടിപ്പെട്ടു. അതും, ആളുകൾക്ക് അറപ്പു തോന്നുന്ന ചർമരോഗത്തിന്. ഈ അവസ്ഥയെയാണ് عذاب എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഈ അവസ്ഥയിൽ കൺമണികളായ മക്കളും അദ്ദേഹത്തെ വിട്ടുപോയി. ഭൃത്യജനങ്ങളും മക്കളും കൊല്ലപ്പെട്ടതാണെന്നും പ്രസ്താവമുണ്ട്.

أَنِّي مَسَّنِيَ الشَّيْطَانُ بِنُصْبٍ وَعَذَابٍ - 'ചെകുത്താൻ ക്ലേശം കൊണ്ടും പീഡ കൊണ്ടും എന്നെ സ്പർശിച്ചിരിക്കുന്നു' എന്ന വാക്യത്തിനർഥം ചെകുത്താൻ എനിക്കു കഷ്ടനഷ്ടങ്ങളേൽപിക്കുകയും രോഗമുണ്ടാക്കുകയും ചെയ്തിരിക്കുന്നു എന്നല്ല. പ്രത്യുത, എന്റെ ക്ലേശവും രോഗാതുരതയും ചെകുത്താൻ എന്റെ മനസ്സിൽ സന്ദേഹവും സംത്രാസവും (വസ്വാസ്) ഉണർത്താൻ കാരണമായിരിക്കുന്നു എന്നാണ്. അതായത് എന്റെ ദുരിതാവസ്ഥ ചെകുത്താൻ എന്നെ സ്വാധീനിക്കാൻ ഉപയോഗിക്കുന്നുണ്ട്. മനുഷ്യർക്ക് പ്രത്യക്ഷമായ ഒരു ദ്രോഹവും ഏൽപിക്കാൻ ചെകുത്താന് കഴിയില്ല എന്ന കാര്യം ഖുർആൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. മനസ്സിൽ ദുശ്ചിന്തകളും ദുർവികാരങ്ങളും സനാതന സത്യങ്ങളെക്കുറിച്ച് സന്ദേഹങ്ങളും ഉണർത്താനും വളർത്താനും മാത്രമേ ചെകുത്താനു കഴിയൂ. 21:83-ൽ ചെകുത്താൻ പരാമർശമില്ലാതെ أَنِّي مَسَّنِيَ الضُّرُّ എന്നാണ് പറഞ്ഞിരിക്കുന്നത്. ക്ലേശവും പീഡയുമാണ് ضرّ.

പ്രകൃത സൂക്തത്തിലെ 'ചെകുത്താൻ' പരാമർശം അയ്യൂബ് നബിയുടെ ദുരിതത്തിൽ ചെകുത്താൻ നിമിത്തമായതായി വ്യക്തമാക്കുന്ന ബൈബിൾ വചനങ്ങളെ സത്യപ്പെടുത്തുന്നതായി ചില പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കമിതാണ്: അയ്യൂബ് നബിയുടെ വിശ്വാസദാർഢ്യത്തിലും സന്മാർഗനിഷ്ഠയിലും അസൂയ പൂണ്ട് ചെകുത്താൻ അല്ലാഹുവിനോട് പറഞ്ഞു: സകലവിധ സൗഭാഗ്യങ്ങളും തികഞ്ഞ അയ്യൂബ് ഭക്തനും ധർമിഷ്ഠനുമായിരിക്കുന്നതിൽ വിശേഷമൊന്നുമില്ല. നീ അയാളുടെ സമ്പത്ത് അയാളിൽനിന്ന് എടുത്തുകളഞ്ഞുനോക്കൂ. അയാൾ ഭക്തിഹീനനും അധർമിയുമാകുന്നതു കാണാം. ദൈവം അദ്ദേഹത്തിന്റെ സമ്പത്ത് മുഴുവൻ നശിപ്പിച്ചു. എന്നിട്ടും അയ്യൂബിന്റെ ഭക്തിക്കും ധർമനിഷ്ഠക്കും ഒരു കുറവും വരാത്തതു കണ്ടപ്പോൾ ചെകുത്താൻ പറഞ്ഞു: നീ അയാളുടെ ആരോഗ്യവും സൗന്ദര്യവും എടുത്തുകളഞ്ഞ് പകരം രോഗവും വൈരൂപ്യവും കൊടുത്തു നോക്കൂ. അപ്പോൾ തീർച്ചയായും അയാൾ നിന്നെ നിന്ദിക്കുകയും ആക്ഷേപിക്കുകയും ചെയ്യും. അല്ലാഹു അപ്രകാരം ചെയ്തു. ആ അവസ്ഥയെയും അയ്യൂബ് (അ) വിജയകരമായി മറികടന്നു. ഒടുവിൽ അല്ലാഹു അദ്ദേഹത്തിൽനിന്ന് എടുത്തുമാറ്റിയതെല്ലാം ഇരട്ടിയായി തിരിച്ചുകൊടുത്തു. അദ്ദേഹവും കുടുംബവും സുഖസൗഭാഗ്യങ്ങളോടെ വളരെക്കാലം പിന്നെയും ജീവിച്ചു. ഇയ്യോബ് പുസ്തകത്തിലെ ആദ്യ അധ്യായങ്ങൾ ക്ഷമയുടെയും സഹനത്തിന്റെയും ഭക്തിയുടെയും ആൾരൂപമായ അയ്യൂബിനെയാണ് അവതരിപ്പിക്കുന്നതെങ്കിലും മൂന്നാം അധ്യായം മുതൽ കാണുന്നത് ദൈവത്തെ ചോദ്യം ചെയ്യുകയും കയർക്കുകയും ചെയ്യുന്ന അക്ഷമനായ അയ്യൂബിനെയാണ്. അവസാനം വരെ തന്റെ ആവലാതികൾ എണ്ണിപ്പറഞ്ഞ് അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുന്ന വിനീതവിധേയനായ അയ്യൂബിനെയാണ് ഖുർആൻ കാണിച്ചുതരുന്നത്. അദ്ദേഹത്തിന്റെ ദുരിതത്തിന്റെ കാരണം അല്ലാഹുവിനോട് പിശാച് നടത്തിയ വെല്ലുവിളിയാണെന്ന് സമ്മതിച്ചാലും, ധനനഷ്ടവും ആരോഗ്യഹാനിയും ഉണ്ടാക്കിയത് ചെകുത്താനല്ല; അല്ലാഹു തന്നെയാണെന്ന കാര്യം ശ്രദ്ധേയമാകുന്നു. ●

---

ارْكُضْ بِرِجْلِكَ هَٰذَا مُغْتَسَلٌ بَارِدٌ وَشَرَابٌ ﴿٤٢﴾

42. നാം അദ്ദേഹത്തോട് നിർദേശിച്ചു: നിന്റെ കാലുകൊണ്ട് നിലത്ത് അടിക്കുക. ഇതാ കുളിർത്ത കുളിവെള്ളവും കുടിവെള്ളവും.

وَوَهَبْنَا لَهُ أَهْلَهُ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنَّا وَذِكْرَىٰ لِأُولِي الْأَلْبَابِ ﴿٤٣﴾

43. അദ്ദേഹത്തിന്റെ കുടുംബത്തെയും അവരോടൊപ്പം അത്രതന്നെ വേറെയും സമ്മാനിക്കുകയും ചെയ്തു; നമ്മിൽനിന്നുള്ള അനുഗ്രഹമായിട്ടും സദ്ബുദ്ധിയുള്ളവർക്കു പാഠമായിട്ടും.

**42,43**

ارْكُضْ = (നാം അദ്ദേഹത്തോട് നിർദേശിച്ചു) നീ (നിലത്ത്) അടിക്കുക بِرِجْلِكَ = നിന്റെ കാലു കൊണ്ട്
هَٰذَا مُغْتَسَلٌ بَارِدٌ = ഇത് (ഇതാ) കുളിർത്ത കുളിവെള്ളം وَشَرَابٌ = കുടിവെള്ളവും
وَوَهَبْنَا لَهُ = നാം അദ്ദേഹത്തിന് സമ്മാനിച്ചു أَهْلَهُ = അദ്ദേഹത്തിന്റെ കുടുംബത്തെ
وَمِثْلَهُم = അവരെപ്പോലെ, അവർക്കു തുല്യം (അത്രതന്നെ വേറെയും) مَّعَهُمْ = അവരോടൊപ്പം
رَحْمَةً مِّنَّا = നമ്മിൽനിന്നുള്ള അനുഗ്രഹമായിട്ട് وَذِكْرَىٰ = പാഠമായിട്ടും لِأُولِي الْأَلْبَابِ = സദ്ബുദ്ധിയുള്ളവർക്ക്

رَكَضَ-ൽനിന്നുള്ള ശാസനാക്രിയയാണ് ارْكُضْ. കാലുകൊണ്ട് മണ്ണിലടിക്കലും ഓടലും തോറ്റോടലുമൊക്കെയാണ് رَكْض. ഒന്നാമത്തെ അർഥമാണ് ഇവിടെ ഉദ്ദേശ്യം. رَكض കാലു കൊണ്ടേ ചെയ്യൂ. رکض-ന്റെ അർഥത്തെ ഊന്നുന്നതിനുവേണ്ടി ഉപയോഗിച്ച അധികപദമാണ് بِرِجْلِكَ. കണ്ണ് തുറന്നു കാണുക, ചിറകടിച്ചു പറക്കുക എന്നൊക്കെ പറയുന്നതുപോലെയാണിത്. 6:38-ൽ طَائِرٍ يَطِيرُ بِجَنَاحَيْهِ -ചിറകടിച്ചു പറക്കുന്ന പക്ഷി- എന്നു വന്നിട്ടുണ്ട്. هَٰذَا -ഇത്- കൊണ്ടുദ്ദേശിക്കുന്നത് കാലടിച്ചപ്പോൾ പ്രത്യക്ഷപ്പെട്ട ജലധാരയെയാണ്. അയ്യൂബിന്റെ (അ) പ്രാർഥനക്കു അല്ലാഹുവിങ്കൽനിന്നുണ്ടായ മറുപടിയാണീ സൂക്തങ്ങൾ. ارکض -ന് മുമ്പ് قلنا له- നാം അദ്ദേഹത്തോട് പറഞ്ഞു- എന്ന് അനുക്തമായിട്ടുണ്ട്.

സൂക്തസാരം: അയ്യൂബ് നബിയുടെ ദീനമായ പ്രാർഥന സ്വീകരിച്ച അല്ലാഹു അദ്ദേഹത്തോട് ഒരു പ്രത്യേക സ്ഥലത്ത് കാലമർത്തിച്ചവിട്ടാൻ നിർദേശിച്ചു. അപ്രകാരം ചെയ്തപ്പോൾ അതാ ഒരു ഉറവ പൊട്ടിയൊഴുകുന്നു. അത് സുഖമായി കുളിക്കാൻ പറ്റിയതും കുടിക്കാൻ പറ്റിയതുമായ തണുത്ത ജലമായിരുന്നു. هَٰذَا مُغْتَسَلٌ بَارِدٌ وَشَرَابٌ എന്ന വാക്യത്തിന് ഈ കുളിർജലത്തിൽ കുളിക്കുകയും അതു കുടിക്കുകയും ചെയ്തുകൊള്ളുക എന്ന നിർദേശവും അടങ്ങിയിരിക്കുന്നു. ആ ദിവ്യജലത്തിൽ കുളിക്കുകയും അത് കുടിക്കുകയും ചെയ്തുകൊള്ളുക എന്ന നിർദേശവും അടങ്ങിയിരിക്കുന്നു. ദിവ്യജലത്തിൽ കുളിക്കുകയും കുടിക്കുകയും ചെയ്തപ്പോൾ അയ്യൂബിന്റെ (അ) ശാരീരിക രോഗങ്ങളെല്ലാം അപ്രത്യക്ഷമായി. ആരോഗ്യവും സൗന്ദര്യവും തിരിച്ചുകിട്ടി. പൂർവസ്ഥിതി വീണ്ടെടുത്ത അയ്യൂബ് നബിക്ക് അല്ലാഹു അവങ്കൽനിന്നുള്ള ഒരു സമ്മാനമായി അദ്ദേഹത്തിന്റെ വിട്ടുപോയ മക്കളെ തിരിച്ചെത്തിച്ചുകൊടുത്തു. മക്കൾ മരിച്ചുപോയിരുന്നുവെങ്കിൽ പിന്നീടദ്ദേഹത്തിന് ഇരട്ടി മക്കളുണ്ടായി. കുടുംബത്തിന്റെ പുനഃസംഗമം അയ്യൂബ് (അ) ഏറെ ആഗ്രഹിച്ചിരുന്നതാണ്. അദ്ദേഹവും ഭാര്യയും തീരെ ഒറ്റപ്പെട്ട ജീവിതമാണല്ലോ നയിച്ചിരുന്നത്. കുടുംബത്തിന്റെ പുനസമാഗമം ചിരകാലാഭിലാഷത്തിന്റെ സാക്ഷാത്കാരവും കൂടിയായതുകൊണ്ടാണ് അത് അല്ലാഹുവിങ്കൽനിന്നുള്ള ഒരു هبة- സമ്മാനം- ആയത്. ഇവിടെ رَحْمَةً مِّنَّا എന്നും 21:84-ൽ رَحْمَةً مِّنْ عِندِنَا എന്നും എടുത്തുപറഞ്ഞതിൽനിന്ന് അതു മനസ്സിലാക്കാം. ഭാര്യമാരും മക്കളും ഉൾപ്പെട്ടതാണ് اهل. അയ്യൂബ് നബിക്ക് ഒന്നിലേറെ ഭാര്യമാരുണ്ടായിരുന്നതായി ഖുർആനോ ബൈബിളോ സൂചിപ്പിക്കുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ അവരെയും തിരിച്ചുകിട്ടിയിട്ടുണ്ടാകും. അടുത്ത സൂക്തം ഒരു ഭാര്യയെ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. وَمِثْلَهُم مَّعَهُمْ -അവരോടൊപ്പം അവർക്കു തുല്യവും മക്കളെക്കുറിച്ച് മാത്രമാണെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. അതായത് പൂർവസ്ഥിതി പ്രാപിച്ചപ്പോൾ, നേരത്തേ അകന്നുപോയ മക്കൾ തിരിച്ചെത്തുകയും അത്രതന്നെ മക്കൾ പിന്നീട് ജനിക്കുകയും ചെയ്തു. مَعَهُمْ -അവരോടൊപ്പം- എന്നു പറഞ്ഞതിൽ ഭാര്യയും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പിന്നീട് വിവാഹം ചെയ്ത ഭാര്യമാരിലും മക്കൾ ജനിച്ചിരിക്കാം.

ഈ സംഭവം സദ്ബുദ്ധിയുള്ളവർക്ക് മഹത്തായ പാഠമാണ്. ഉദ്ബോധനം, അനുസ്മരണം, പാഠം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന ذکر-ന്റെ മറ്റൊരു പാഠമാണ് ذِكْرَىٰ. ഇതിന്റെ ബഹുവചനമായ ذكريات. ഓർമക്കുറിപ്പുകൾ എന്ന അർഥത്തിൽ ഈ പദം ഉപയോഗിക്കാറുണ്ട്. പാഠമാണ് ഈ സന്ദർഭത്തിൽ കൂടുതൽ യോജിക്കുന്ന ഭാഷ്യം. അതായത് അയ്യൂബ് നബി അകപ്പെട്ട പരീക്ഷണങ്ങളിലും, വിശ്വാസത്തിന്റെയും ഭക്തിയുടെയും സഹനത്തിന്റെയും ബലത്തിൽ അദ്ദേഹം അത് തരണം ചെയ്തതിലും ഒടുവിൽ അല്ലാഹു അദ്ദേഹത്തെ സർവസൗഭാഗ്യങ്ങളാലും അനുഗ്രഹിച്ചതിലും, ബുദ്ധിപൂർവം ചിന്തിക്കുന്ന സുമനസ്സുകൾക്ക് വിലപ്പെട്ട പാഠങ്ങളുണ്ട്. 21:84-ൽ പറയുന്നത് ذِكْرَىٰ لِلْعَابِدِينَ- അല്ലാഹുവിന് വഴിപ്പെടുന്നവർക്ക്, ഇബാദത്ത് ചെയ്യുന്നവർക്ക് പാഠമുണ്ട് എന്നാണ്. അവിടെ ഈ കഥ ഉദ്ധരിച്ചത് ഇബാദത്ത് അല്ലാഹുവിനു മാത്രം ആയിരിക്കണമെന്ന ചർച്ചയുടെ ഭാഗമായിട്ടാണ്. ഇവിടെ ഇത് ഉദ്ധരിക്കുന്നത് സത്യപ്രബോധകരും സജ്ജനങ്ങളും പരീക്ഷണങ്ങൾ നേരിടേണ്ടിവരിക അനിവാര്യമാണെന്നതിനുള്ള ഉദാഹരണമായിട്ടാണ്. ഈ വ്യത്യാസം കൊണ്ടായിരിക്കാം രണ്ടു സന്ദർഭങ്ങളിലും പാഠം പടിക്കുന്നവരുടെ വിശേഷണം വ്യത്യസ്തമായത്. യഥാർഥ ആബിദുകൾ- അല്ലാഹുവിന് വഴിപ്പെട്ടു വാഴുന്ന സദ്ബുദ്ധികളാണെന്നും സദ്ബുദ്ധികൾ അല്ലാഹുവിനു വഴിപ്പെട്ടു വാഴുന്നവരാണെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ●